**കേരള കാർഷിക സർവ്വകലാശാല**
**പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രം, അമ്പലവയൽ, വയനാട്**

നമ്പർ.ഇ.0471/2025 തീയതി:. 04.02.2025

**ടെൻഡർ നോട്ടീസ്**

ഈ കേന്ദ്രത്തിൽ ഗുണമേന്മയുള്ള കുരുമുളക് നടീൽ വസ്തുക്കളുടെ ഉൽപ്പാദനത്തിന് ആവശ്യമായ ഗുണമേന്മയുള്ളതും, രോഗവിമുക്തമായ **പന്നിയൂർ-1 വള്ളികൾ** വിതരണം ചെയ്യുന്നതിന് താൽപര്യമുള്ള കുരുമുളക് കർഷകരിൽ നിന്നും ടെൻഡറുകൾ ക്ഷണിച്ചുക്കൊള്ളുന്നു. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| ടെൻഡർ നമ്പർ | ഇ .0471/2025 |
| ടെൻഡറുകൾ ലഭിക്കേണ്ട അവസാന തീയതിയും സമയവും | 15.02.2025 11.30 am |
| ടെൻഡറുകൾ തുറക്കുന്ന തീയതിയും, സമയവും | 15.02.2025 12.00 pm |
| നിരത ദ്രവ്യം (EMD) | 10000/ രൂപ |
| ടെൻഡൾ വില | 2000/- രൂപ |
| ടെൻഡർ കാലാവധി | **ഒരു വർഷം** |
| ടെൻഡറുകൾ ലഭിക്കേണ്ട മേൽവിലാസം | അസോസിയേറ്റ് ഡയറക്ടർ ഓഫ് റിസർച്ച്<br>പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രം<br>അമ്പലവയൽ, വയനാട്,<br>പിൻകോഡ്-673 593 |
| മേലെഴുത്ത്: **കുരുമുളക് വള്ളി (ഉദ്ദേശം 6.25 ലക്ഷം മീറ്റർ) വിതരണം ചെയ്യുന്നതിനുള്ള ടെൻഡർ** | |

## Specifications

- ആവശ്യമുള്ളത് **ഏകദേശം 6.25 ലക്ഷം** മീറ്റർ
- ഈ കേന്ദ്രത്തിലെത്തിക്കുന്നതിനാവശ്യമായ കയറ്റിറക്ക് കൂലി, ഉൾപ്പെടെ ഒരു മീറ്ററിനുള്ള നിരക്കാണ് ടെൻഡറിൽ കാണിക്കേണ്ടത്.

**നിബന്ധനകൾ**

1. **അസോസിയേറ്റ് ഡയറക്ടർ ഓഫ് റിസർച്ച്, പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രം, അമ്പലവയൽ, വയനാടിന്റെ പേരിൽ SBI കൊളഗപ്പാറ** ബ്രാഞ്ചിൽ മാറാൻ കഴിയുന്ന ഡ്രാഫ്റ്റുകളാവണം അയയ്ക്കേണ്ടത്.
2. ടെൻഡർ വിലയ്ക്കും, നിരതദ്രവ്യത്തിനും പ്രത്യേകം പ്രത്യേകം ഡ്രാഫ്റ്റുകൾ നൽകണം. നിരതദ്രവ്യം സമർപ്പിക്കാത്ത ടെൻഡറുകൾ സ്വീകരിക്കുന്നതല്ല.
3. കെ.എ.യു.വെബ്സൈറ്റിൽ നിന്നുമെടുത്ത ടെൻഡർ ഫോമിൽ ടെൻഡറുകൾ സമർപ്പിച്ചിരിക്കണം. ടെൻഡറിനോടൊപ്പം 200/- രൂപയുടെ മുദ്രപത്രത്തിൽ എഗ്രിമെന്റ് സമർപ്പിച്ചിരിക്കേണ്ടതാണ്.
4. **ഒരു മീറ്റർ കുരുമുളക് വള്ളിയുടെ വിലയാണ് ടെൻഡറിൽ കാണിക്കേണ്ടത്.**
5. നടീൽ വസ്തു ഉള്ള കുരുമുളക് തോട്ടം ഫാമിൽ നിന്നും നിയോഗിക്കുന്ന വിദഗ്ദസംഘം പരിശോധിച്ച് രോഗ-കീട ബാധ ഇല്ലാത്ത തോട്ടങ്ങൾ ആണ് എന്ന് ഉറപ്പ് വരുത്തുകയും അവർ നിർദ്ദേശിക്കുന്ന വള്ളിത്തലകൾ മാത്രമേ ശേഖരിക്കാൻ പാടുള്ളൂ.

6 39 4

KAU website

6. ഫാമിലെ ഉദ്യോഗസ്ഥരുടെ നേരിട്ടുള്ളമേൽ നോട്ടത്തിൽ അവർ നിർദ്ദേശിക്കുന്ന കുരുമുളക് ചെടിയുടെ നടീൽ വസ്തു സ്വന്തം നിലയ്ക്ക് തൊഴിലാളികളെ നിർത്തി മുറിച്ച് RARS ൽ എത്തിച്ചു തരേണ്ടതാണ്. ഫാമിൽ എത്തിക്കുന്ന കുരുമുളക് വള്ളിയ്ക്ക് ഗുണനിലവാരം ഉറപ്പുവരുത്തിയ ശേഷം മാത്രമായിരിക്കും പണം നൽകുന്നത്.
7. ടെൻഡർ ലഭിക്കുന്നവരിൽ നിന്നും നിയമാനുസൃതമായ ആദായ നികുതി ഈടാക്കുന്നതിന്, അവർ നിർബന്ധമായും ഇൻവോയ്സിനോടൊപ്പം പാൻ കാർഡിന്റെ കോപ്പിയും ഹാജരാക്കേണ്ടതാണ്.
8. ടെണ്ടർ ലഭിച്ച വ്യക്തി സപ്ലൈ ഓർഡർ കൊടുക്കുന്ന മുറയ്ക്ക് സമയ ബന്ധിതമായി വള്ളിത്തലകൾ എത്തിച്ചുതരേണ്ടതാണ്. അല്ലാത്തപക്ഷം സ്ഥാപനത്തിന് സംഭവിയ്ക്കുന്ന നഷ്ടത്തിന് പ്രസ്തുത കക്ഷി ഉത്തരവാദിയായിരിക്കും.
9. തോട്ടങ്ങളിൽ നിന്നും വള്ളിത്തലകൾ ശേഖരിക്കുമ്പോൾ ഓഫീസിൽ നിന്നും ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥന്റെ മേൽ നോട്ടത്തിൽ മാത്രമേ വള്ളിത്തലകൾ ശേഖരിക്കുകയുള്ളൂ.
10. ഓഫീസിൽ എത്തിച്ച വള്ളിത്തലകൾ നടാൻ എടുക്കുമ്പോൾ ഗുണമേന്മയില്ലാത്തവ പരിപൂർണ്ണമായും ഒഴിവാക്കുന്നതാണ്.
11. ടെൻഡർ സമർപ്പിച്ചവർക്ക് ഒരിക്കൽകൂടി അവസരം ലഭിക്കുന്നതിനായി അപ്പോൾ ഹാജരുള്ള ദർഘാസുകാരെ മാത്രം ഉൾപ്പെടുത്തി അന്നേ ദിവസം മേൽ വിവരിച്ച സമയങ്ങളിൽ ആവശ്യമെങ്കിൽ ലേലവും നടത്തുന്നതാണ്.
12. ടെൻഡറുകൾ ദർഘാസുകാരുടെ സാന്നിദ്ധ്യത്തിൽ തുറക്കുന്നതും ടെൻഡർ തുകയോ ലേല തുകയോ ഏതാണ് കുറവ് എന്ന് നോക്കി ആയത് തൃപ്തികരമെങ്കിൽ സ്വീകരിക്കുന്നതുമാണ്.
13. ടെൻഡർ പ്രാബല്യത്തിലിരിക്കുന്ന കാലയളവ് ഒരു വർഷമായിരിക്കും.
14. യാതൊരു കാരണവും കാണിക്കാതെ ലേലം/ ടെൻഡറുകൾ അസ്ഥിരപ്പെടുത്തുന്നതിനും, നിർത്തിവയ്ക്കുന്നതിനും സ്റ്റേഷൻ മേധാവിക്കുള്ള അധികാരം യാതൊരു കാരണവശാലും ചോദ്യം ചെയ്യാൻ പാടില്ലാത്തതാകുന്നു
15. ഏതെങ്കിലും കാരണവശാൽ ലേല തീയതി അവധി ദിവസമായി വരുന്നപക്ഷം അതിനടുത്ത പ്രവൃത്തി ദിവസം ലേലം/ടെൻഡർ നടത്തുന്നതായിരിക്കും.
16. സർക്കാർ ടെൻഡറുകൾ/ലേലത്തിലെ എല്ലാ നിബന്ധനകളും ഈ ലേലത്തിനും ബാധകമാണ്.
17. എല്ലാ കരാർ വ്യവസ്ഥകളും പാലിക്കുവാൻ കരാറുകാരൻ ബാദ്ധ്യസ്ഥനാണ്.
18. ടെൻഡറുകൾ ലഭിക്കുന്നവർ നിശ്ചിത ഫോറത്തിലുള്ള എഗ്രിമെന്റ് 200/- രൂപയുടെ മുദ്രപത്രത്തിൽ സമർപ്പിക്കേണ്ടതാണ്. കൂടാതെ സപ്ലൈ ഓർഡറിന്റെ 3% തുക സെക്യൂരിറ്റി ഡെപ്പോസിറ്റായും നൽകേണ്ടതാണ്
19. കൂടുതൽ വിവരങ്ങൾ പ്രവൃത്തി ദിനങ്ങളിൽ ഈ ഓഫീസിൽ നിന്നും അറിയാവുന്നതാണ്. (ഫോൺ 0493-264561, 04936-260421)

(ഒപ്പ്)
ഡോ. സി.കെ യാമിനി വർമ്മ
അസോസിയേറ്റ് ഡയറക്ടർ ഓഫ് റിസർച്ച്

നോട്ടീസ് ബോർഡ് Farm
പകർപ്പ് : ശ്രീ. റ്റി.റ്റി ജേക്കബ്, ഫാം സൂപ്രണ്ട്
പഞ്ചായത്ത് ഓഫീസ്/കൃഷി ഭവൻ/വില്ലേജ് ഓഫീസ്/കെ.വി.കെ നോട്ടീസ് /കെ.എ.യു വെബ് സൈറ്റ്

//ഉത്തരവിൻപ്രകാരം//

അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ

Administrative Officer
Regional Agricultural Research Station
Ambalavayal
Wayanad Dist. - 673 593

REGIONAL AGRICULTURAL RESEARCH STATION AMBALAVAYAL, WAYANAD DIN. KERALA AGRI... UNIVERSITY